**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 557** **23-06-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാന എക്സൈസ് വകുപ്പിലെ ജീവനക്കാർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാന എക്സൈസ് വകുപ്പിൽ എത്ര ജീവനക്കാർ ഉണ്ട്; വിശദമാക്കാമോ;

**മറുപടി:** സംസ്ഥാന എക്സൈസ് വകുപ്പിൽ 5814 സ്ഥിരം ജീവനക്കാർ ഉണ്ട്.

**(ബി)** ലഹരി ഉപയോഗവും അതുമായി ബന്ധപ്പെട്ട കേസുകളും വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**മറുപടി:** എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 30/01/2026-ലെ സ.ഉ(കൈ)നം.6/2026/Taxes പ്രകാരം വിവിധ തസ്തികകളിലായി 134 പുതിയ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(സി)** ലഹരിയുടെ ഉറവിടങ്ങളും മറ്റും കണ്ടെത്തുന്നതിന് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** ലഹരിയുടെ ഉറവിടങ്ങളും മറ്റും കണ്ടെത്തുന്നതിനായി പ്രവർത്തിക്കുന്ന എക്സൈസ് റേഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, സ്ക്വാഡ് ഓഫീസുകൾ എന്നിവിടങ്ങളിൽ, നിലവിലെ ആവശ്യകത അനുസരിച്ച് 40 വാഹനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിൽ എത്തിയിട്ടുള്ളതാണ്. കൂടാതെ ലഹരിവസ്തുക്കളുടെ ഉപയോഗം കണ്ടെത്തുന്നതിനുള്ള ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ യൂണിറ്റുകളിലും വിതരണം ചെയ്യാനുള്ള നടപടികൾ കൈകൊണ്ടിട്ടുള്ളതും മൊബൈൽ ലിക്കർ ടെസ്റ്റിങ് ലാബുകൾ പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതുമാണ്.

ലഹരിയുടെ ഉറവിടങ്ങളും മറ്റും കണ്ടെത്തുന്നതിനായുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി സൈബർ സെൽ വിഭാഗം രൂപീകരിക്കുവാനും, ആധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്താനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരികയാണ്. ലഹരി വസ്തുക്കളുടെ കണ്ടെത്തലുകൾക്കും മറ്റും മലയോര പ്രദേശങ്ങളിൽ ആവശ്യമായ പ്രത്യേക വാഹനങ്ങളും ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക സൈബർ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - എക്സൈസ് വകുപ്പിലെ വിവിധ ഓഫീസുകളിലേയ്ക്കായി 134 പുതിയ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(കൈ) നം.6/2026/TAXES തീയതി, തിരുവനന്തപുരം, 30-01-2026**

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 02/04/2025 തീയതിയിലെ EXC/454/2021-XDI നമ്പർ കത്ത്.
2. എക്സൈസ് കമ്മീഷണറുടെ 02/04/2025 തീയതിയിലെ EXC/5928/2023-XDI നമ്പർ കത്ത്.
3. എക്സൈസ് കമ്മീഷണറുടെ 02/04/2025 തീയതിയിലെ EXC/190/2024-XDI നമ്പർ കത്ത്.
4. എക്സൈസ് കമ്മീഷണറുടെ 15/05/2025 തീയതിയിലെ EXC/2123/2025-XDI നമ്പർ കത്ത്.
5. എക്സൈസ് കമ്മീഷണറുടെ 20/05/2025 തീയതിയിലെ EXC/3397/2023-XDI നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിനെ സബ് സോണൽ ഓഫീസുകൾ രൂപീകരിച്ച് ശക്തിപ്പെടുത്തുന്നതിനും, വാഹനം നിലവിലുണ്ടായിട്ടും ഡ്രൈവർ തസ്തിക അനുവദിക്കാത്ത ഓഫീസുകളിൽ സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികകൾ അനുവദിക്കുന്നതിനും, കേരള മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾക്ക് (KEMU) ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും, എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനും, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികകൾ നിലവിലില്ലാത്ത എക്സൈസ് റേഞ്ച് ഓഫീസുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും പരാമർശത്തിലെ കത്തുകൾ

പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശകൾ സമർപ്പിക്കുകയുണ്ടായി. വിവിധ വിഭാഗങ്ങളിലായി 268 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിച്ചത്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എക്സൈസ് വകുപ്പിലെ വിവിധ ഓഫീസുകളിലേയ്ക്കായി ചുവടെ പറയും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ | 4 |
| 2 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | 2 |
| 3 | എക്സൈസ് ഇൻസ്പെക്ടർ | 4 |
| 4 | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ | 34 |
| 5 | സിവിൽ എക്സൈസ് ഓഫീസർ | 42 |
| 6 | വനിതാ സിവിൽ എക്സൈസ് ഓഫീസർ | 12 |
| 7 | സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ | 36 |
| ആകെ | | 134 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് - ഇ.ആർ. എസ്.എ) കേരളം, തിരുവനന്തപുരം
3. പൊതുഭരണ (എസ്.സി) വകുപ്പ് (28/01/2026-ലെ ഇനം നമ്പർ 3594 പ്രകാരം)
4. ധനകാര്യ വകുപ്പ്.
5. വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (എഫ്1/132/2025-നികുതി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ